സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരളാ ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

22 [3029] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരളാ ലിമിറ്റഡിന്റെ കീഴിൽ ഏതെല്ലാം സ്ഥാപനങ്ങൾ/യൂണിറ്റുകൾ ആണ് പ്രവർത്തിക്കുന്നത്;

(ബി) ഈ സ്ഥാപനങ്ങളിൽ പുനഃസംഘടനയോ സ്വകാര്യവത്കരണമോ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കൃത്യമായ ശമ്പളമോ ആനുകൂല്യങ്ങളോ നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രോവിഡന്റ് ഫണ്ട് നിക്ഷേപത്തിൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാം;

(ഇ) സിൽക്കിന്റെ സ്ഥാപനങ്ങൾക്കായി നിയാബ് വഴി സർക്കാർ ഫണ്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഈ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ;

(എഫ്) സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിൽ സ്വന്തമായി പവർ സ്റ്റേഷനുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ ജോലികൾ ഏതുവരെയായി; എപ്പോൾ പ്രവർത്തനക്ഷമമാകും;

(ജി) ചേർത്തല സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന് നിലവിൽ എത്ര വർക്ക് ഓർഡറുകൾ ഉണ്ട്; ഈ ജോലികൾ എപ്പോൾ പൂർത്തിയാകും;

(എച്ച്) ഈ യൂണിറ്റിന്റെ പേരിലുള്ള സാമ്പത്തിക ഇടപാടുകൾ നടത്തിയ ബാങ്കുകൾ ഇവയുടെ അക്കൗണ്ട് മരവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരളാ ലിമിറ്റഡിന്റെ കീഴിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ/യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

1. സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ്, ചേർത്തല.
2. ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ്, ബേപ്പൂർ.
3. ഷിപ്പ് ബിൽഡിംഗ് യൂണിറ്റ്, അഴീക്കൽ, കണ്ണൂർ.
4. ഫൗണ്ടറി യൂണിറ്റ്, ഒറ്റപ്പാലം.
5. ജനറൽ എഞ്ചിനീയറിംഗ് വർക്സ്, തുറവൂർ.
6. പ്രോജക്ട് എഞ്ചിനീയറിംഗ് എക്സ്പോർട്ട് ഡിവിഷൻ, അത്താണി, തൃശ്ശൂർ.
7. കമേഴ്സ്യൽ ഡിവിഷൻ, അത്താണി, തൃശ്ശൂർ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. പുനഃസംഘടന സംബന്ധിച്ച ഇ. ആർ. സി.-യുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ആവശ്യമായ ഓർഡറുകളും മുലധനവും ഇല്ലാത്തതിനാൽ പ്രവർത്തനം ഏകീകരിച്ച് വരുമാനം ഉണ്ടാക്കുവാൻ കഴിയാത്തതിനാൽ കൃത്യമായി ശമ്പളം നൽകാൻ കഴിയാറില്ല.

(ഡി) സിൽക്കിന്റെ മേല്പറഞ്ഞ എല്ലാ യൂണിറ്റുകളിലും ഡിവിഷനുകളിലും പ്രൊവിഡന്റ് ഫണ്ട് കുടിശ്ശിക വരുത്തിയിട്ടുണ്ട്.

(ഇ) റിയാബ് വഴി സിൽക്കിന് ഫണ്ട് ഒന്നും നൽകിയിട്ടില്ല.

(എഫ്) ഇല്ല. ഏകദേശം 6 വർഷം മുമ്പ് ഈ യൂണിറ്റിൽ ഒരു പവർസ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ആരംഭഘട്ടത്തിൽ തന്നെ പണി നിർത്തി വയ്ക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ കമ്പനിയുടെ ഉപയോഗം അനുസരിച്ച് അത്തരം പവർസ്റ്റേഷന്റെ ആവശ്യമില്ലാത്തതിനാൽ പദ്ധതിയുമായി മുന്നോട്ടു പോകുവാൻ ഉദ്ദേശിക്കുന്നില്ല.

(ജി) സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന് ഇപ്പോൾ 344.92 ലക്ഷം രൂപയുടെ ഓർഡർ നിലവിലുണ്ട്. ഈ ജോലികൾ ഒരു വർഷം കൊണ്ട് തീർക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(എച്ച്) ഉണ്ട്. പ്രൊവിഡന്റ് ഫണ്ട് കുടിശ്ശിക അടയ്ക്കാത്തതിനാൽ പ്രൊവിഡന്റ് ഫണ്ട് അധികാരികൾ കമ്പനിയുടെ അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടുണ്ട്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എസ്. ഐ. എഫ്.എൽ.-ന്റെ എക്സ്പാൻഷൻ

23 [3030] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അത്താണിയിലെ എസ്.ഐ.എഫ്. എൽ.-ന്റെ എക്സ്പാൻഷൻ പ്രൊപ്പോസൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രൊപ്പോസൽ സംബന്ധിച്ച് നടപടികൾ ഏത് ഘട്ടംവരെയായി എന്നുപറയാമോ?

LIBRARY ARCHIVES Kerala Legislative Assembly